പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :559

03.03. 2020 ൽ മറുപടിക്ക്

## വൈദ്യുതി നിരക്കിലെ വർദ്ധന

ചോദ്യം

ശ്രീ. വി.എസ്.ശിവകുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2019 ഏപ്രിൽ മുതൽ ജൂൺ വരെ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങിയതിന്റെ പേരിൽ യൂണിറ്റിന് 13 പൈസ സർചാർജ്ജ് പിരിക്കുന്നതിന് പിന്നാലെ തുടർന്നുള്ള മൂന്ന് മാസങ്ങളിലെ അധികചെലവ് നേരിടുവാൻ യൂണിറ്റിന് പത്ത് പൈസ കൂടി പിരിക്കുവാൻ അനുവദിക്കണമെന്ന് വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നോ; | (എ) 2019 ഏപ്രിൽ മുതൽ ജൂൺ വരെ വൈദ്യുതി വാങ്ങൽ ചെലവിൽ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച തുകയെക്കാൾ 72.75 കോടി രൂപ അധിക ബാധ്യതയുണ്ടായതിനാൽ, ആയത് യൂണിറ്റൊന്നിന് 13 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കി തരണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുകയുണ്ടായി.<br>തുടർന്ന് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 19.11.2019-ൽ സമർപ്പിച്ച പെറ്റീഷനിലൂടെ 2019 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള മൂന്നുമാസക്കാലയളവിൽ, വൈദ്യുതി വാങ്ങൽ ചെലവിൽ, കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾ 57.98 കോടി രൂപ അധിക ബാധ്യതയുണ്ടായതിനാൽ ആയത് യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കി തരണമെന്ന് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പെറ്റീഷന് മേൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ തീരുമാനങ്ങൾ ഒന്നും തന്നെ എടുത്തിട്ടില്ല. |
| (ബി) പ്രസ്തുത ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണോ യൂണിറ്റിന് 10 പൈസ വർദ്ധിപ്പിക്കുവാൻ വൈദ്യുതി ബോർഡ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ? | (ബി) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 2019 ഏപ്രിൽ-ജൂൺ മാസങ്ങളിലെ അധിക ബാധ്യത നികത്തി തരുന്നതിന് സമർപ്പിച്ച പെറ്റീഷന് മേൽ, വൈദ്യുതി നിയമം, 2013, ദേശീയ താരിഫ് നയം-2016, 2018 –ൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, അധിക ബാധ്യതയായി 62.20 കോടി രൂപ മാത്രം അംഗീകരിക്കുകയും, യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കാൻ 14.02.2020-ലെ ഉത്തരവിലൂടെ റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകി. 15.02.2020 മുതൽ മൂന്നുമാസത്തേയ്ക്കുള്ള ഉപഭോഗത്തിനാണ് സർചാർജ്ജ് ഈടാക്കാൻ അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ഗാർഹിക വിഭാഗത്തിലുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതും, 20 യൂണിറ്റ് വരെ ഉപഭോഗമുള്ളവരെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ